ഫൗസിയ ശംസ്

# വരകളിൽ വിരിഞ്ഞ ഖുർആൻ വചനങ്ങൾ

**മുസ്‌ലിംകളുടെ** മഹത്തായ ചിത്രകലാ പാരമ്പര്യത്തിൽ ഖുർആനിക വചനങ്ങളെ അതിമനോഹരമായ കാലിഗ്രാഫിക് രൂപങ്ങളായി ആവിഷ്കരിച്ചതിന്റെ വിസ്മയകരമായ കാഴ്ചകൾ ഏറെയുണ്ട്. എന്നാൽ ഖുർആനിലെ ആശയങ്ങളെ വരകളുടെയും വർണങ്ങളുടെയും ഭാഷയിലേക്ക് പരാവർത്തനം ചെയ്യാനുള്ള ശ്രമങ്ങൾക്ക് ഉദാഹരണങ്ങൾ അധികമില്ല. അധികമാരും തൊട്ടിട്ടില്ലാത്ത ഈ മേഖലയിലേക്ക് കടന്നുവരാൻ കാണിച്ച ആർജവമാണ് ലളിതകലാ അക്കാദമിയുടെ കോഴിക്കോട്ടെ ആർട് ഗ്യാലറിയിൽ 'തനിമ' കലാസാഹിത്യവേദി സംഘടിപ്പിച്ച ഒരാഴ്ച നീണ്ടുനിന്ന ഖുർആൻ ചിത്രരചനാ പ്രദർശനത്തെ വേറിട്ടൊരു കാഴ്ചയാക്കിയത്.

നേരത്തേ തനിമ സംഘടിപ്പിച്ച ഖുർആൻ ചിത്ര രചനാ മത്സരത്തിലേക്ക് അയച്ചു കിട്ടിയ അമ്പതോളം ചിത്രങ്ങളിൽനിന്ന് ജൂറി അംഗങ്ങൾ തെരഞ്ഞെടുത്ത ഇരുപത്തൊന്ന് ചിത്രങ്ങളാണ് പ്രദർശനത്തിന് വെച്ചിരുന്നത്. മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ജാവീദ് അസ്‌ലമിന്റെ 'ആനക്കലഹം' എന്ന ചിത്ര തന്നെ കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയം. ഖുർആൻ 105-ാം അധ്യായത്തിൽ വിവരിക്കുന്ന ആനക്കലഹ സംഭവമാണ് ജാവീദ് അസ്‌ലം തന്റെ രചനക്ക് പ്രമേയമാക്കിയത്. മുഹമ്മദ് നബി ജനിച്ച വർഷം മക്കയിൽ അരങ്ങേറിയ ആ സംഭവത്തെ അതിന്റെ എല്ലാ ഭീകരഭാവങ്ങളും ആവാഹിച്ചുകൊണ്ട് കാൻവാസിലേക്ക് പകർത്താൻ ചിത്രകാരനു സാധിച്ചിട്ടുണ്ട്. അബാബീൽ പക്ഷികൾ പറന്നു വന്ന് ചുടുകട്ടകൾ എറിയുന്നതും അബ്റഹത്തിന്റെ ആനകൾ ചിന്നം വിളിച്ചോടുന്നതും പടയാളികൾ ഛിന്നഭിന്നമാകുന്നതുമെല്ലാം തന്മയത്വത്തോടെ യഥാതഥ ശൈലിയിൽ കാഴ്ചപ്പെടുന്നു.

ഹയർ സെക്കന്ററി വിദ്യാർഥിനിയായ ആതിരയുടെ സമൂദ് ഗോത്രവും മികച്ച രചനയാണ്. പാറകൾ വെട്ടിത്തുരന്നുണ്ടാക്കിയ ഉയർന്ന വീടുകളുടെ പശ്ചാത്തലത്തിൽ സമൂദ് ഗോത്രത്തിലെ ആണുങ്ങളും പെണ്ണുങ്ങളും വിവിധ ജോലികളിലേർപ്പെട്ടിരിക്കുന്നത് പൗരാണികത ചോർന്നുപോകാതെ ചിത്രീകരിക്കാൻ ഈ കൊച്ചു കലാകാരിക്ക് സാധിച്ചു.

മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ അബ്ദുസ്സലാം വല്ലപ്പുഴയുടെ ചിത്രത്തിന് മർദിത വിമോചനം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. ഭൂമിയിൽ മർദിക്കപ്പെടുന്നവർക്ക് വേണ്ടി നിങ്ങളെന്തുകൊണ്ട് പോരാടുന്നില്ല എന്ന ഖുർആന്റെ അതിശക്തമായ ആഹ്വാനത്തെ ഗുജറാത്ത് കലാപം, ഫലസ്ത്വീൻ അധിനിവേശം, ആദിവാസി പ്രശ്നം, എൻഡോസൾഫാൻ ദുരന്തം തുടങ്ങിയ സമകാലീന പ്രശ്നങ്ങളുടെ പരിസരത്തുനിന്ന് പുനർവായിക്കാനുള്ള ശ്രമമാണ് അബ്ദുസ്സലാം തന്റെ രചനയിലൂടെ നടത്തുന്നത്. ദൈന്യത നിറഞ്ഞുമുറ്റിയ മുഖങ്ങളുടെ പശ്ചാത്തലത്തിലേക്ക് ഉയർന്നു വരുന്ന മുഷ്ടികളുടെ കരുത്തും യൗവനത്തുടിപ്പും പ്രതീക്ഷാ നിർഭരമായ ഒരു ഭാവിയിലേക്കുള്ള ശുഭസൂചനയാകുന്നുണ്ട്.

കപ്പൽ സഞ്ചാരം, മനുഷ്യ സൃഷ്ടിപ്പ്, പ്രകൃതി ദൃഷ്ടാന്തങ്ങൾ, കപട വിശ്വാസികളുടെ ഉപമ, മദ്യ വിപത്ത്, ശിശുഹത്യ, ഭൂമിയുടെ അവകാശികൾ തുടങ്ങിയ വിഷയങ്ങളിലുള്ള ഖുർആൻ സൂക്തങ്ങൾ ആവിഷ്കരിച്ച ചിത്രങ്ങളും മികവുപുലർത്തുന്നവയായിരുന്നു. അന്ത്യനാളിലെ വിധിനിർണയവും ലോകാവസാന നാളിലെ ദൃഷ്ടാന്തങ്ങളും ആവിഷ്കരിച്ച ചിത്രങ്ങൾക്ക്, അദൃശ്യമായ കാര്യങ്ങളെ ദൃശ്യവത്കരിക്കുന്നതിലെ പരിമിതി കൊണ്ടാവാം, പ്രമേയത്തിന്റെ ഗൗരവവും തീക്ഷ്ണതയും പകർന്നുതരാൻ കഴിയാത്ത പോലെ തോന്നി. എന്തായാലും പ്രബോധന പാതയിൽ സാർഥകമായ പുതിയൊരു കൈവഴി വെട്ടിത്തെളിയിക്കാൻ തനിമയുടെ ഈ ചിത്ര പ്രദർശനത്തിന് സാധിച്ചിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. ■